# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4583** — 25.06.2019 -ൽ മറുപടിയ്ക്ക്

## തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | നിലവിൽ തഹസീൽദാരുടെ ആവശ്യപ്രകാരം കിണർ ശുചീകരിക്കൽ നടപ്പിലാക്കിയിട്ടുണ്ട്. സബ് ട്രഷറി പുനരുദ്ധാരണം, എക്സൈസ് ഓഫീസ് നവീകരണം, ലാൻഡ് ട്രിബ്യൂണൽ ഓഫീസ് അറ്റകുറ്റപ്പണി എന്നിവ നടന്നു വരുന്നു. |
| (സി) | ഇവിടെ ലിഫ്റ്റ് സ്ഥാപിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | എങ്കിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ഡി) | ലിഫ്റ്റ് സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി സിവിൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം നടത്തേണ്ട ജോലികൾ ഇനി നിർവ്വഹിക്കാനുണ്ട്. |
| (ഇ) | പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ വരുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ഇ) | മിനി സിവിൽ സ്റ്റേഷനിൽ വരുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഫണ്ട് ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**